# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1178 03.12.2018 ൽ മറുപടിക്ക്**

**കോതമംഗലം മണ്ഡലത്തിലെ ബംഗ്ലാവ് കടവ് പാലം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആന്റണി ജോൺ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കുട്ടമ്പുഴ-വടാട്ടുപാറ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ് കടവ് പാലം വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത പാലത്തിന് വേണ്ടി 2018-19 വർഷത്തെ ബജറ്റ് പ്രൊപ്പോസലിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | ബി) ഈ പാലം 2018-19 വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ 18 കോടി രൂപ അടങ്കലും 100 രൂപ ടോക്കൺ പ്രൊവിഷനും സഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) പഞ്ചായത്തിലെ രണ്ട് പ്രധാന പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) ഈ പാലത്തിന്റെ ഒരു കരയിൽ കുട്ടമ്പുഴയും മറുകരയിൽ വടാട്ടുപാറ പ്രദേശവുമാണ്. ഈ പാലം വന്നു ചേരുന്ന വടാട്ടുപാറ ഭാഗം വനം വകുപ്പിന്റെ അധീനതയിൽ ഉള്ള റിസർവ്വ് വനത്തിൽ ഉൾപ്പെട്ട് വരുന്നതിനാൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ